LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം പള്ളിമുക്കിലുള്ള യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കമ്പനി ഡിസ്ഇൻവെസ്റ്റ്മെന്റ് ചെയ്യുന്നതിന് നടപടി

27 [5583] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പള്ളിമുക്കിലുള്ള ഹൗസ് സർവീസ് ഇലക്ട്രിക് മീറ്റർ ഉല്പാദിപ്പിക്കുന്ന യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കമ്പനി ഡിസ് ഇൻവെസ്റ്റ്മെന്റ് ചെയ്യുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ഉത്തരവുപ്രകാരം എന്തൊക്കെ തുടർനടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ഡിസ്ഇൻവെസ്റ്റ് ചെയ്യാൻ തീരുമാനിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കരിമണൽ ഖനനത്തിന് കേന്ദ്രാനുമതി

28 [5584] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ തീരപ്രദേശത്ത് കരിമണൽ ഖനനത്തിന് അനുമതി തേടിക്കൊണ്ട് കേന്ദ്ര സർക്കാരിന്റെ ഏതൊക്കെ വകുപ്പുകൾക്കാണ് സംസ്ഥാന ഗവൺമെന്റ് എഴുതി യിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകളോട് ഇത് സംബന്ധിച്ച് ഏതൊക്കെ വിഷയങ്ങളിലാണ് അനുമതിക്കും അഭിപ്രായത്തിനും ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എന്നാണ് കേന്ദ്ര സർക്കാരിന് എഴുതിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കേന്ദ്രസർക്കാരിൽനിന്ന് ഇത് സംബന്ധിച്ച് എന്തെങ്കിലും മറുപടിയോ റിപ്പോർട്ടോ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എന്നാണ് മറുപടി ലഭിച്ചതെന്ന് വെളിപ്പെടുത്താമോ;

(ഇ) ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്ന് സംസ്ഥാന ഗവൺമെന്റിനോട് എന്തെങ്കിലും വിവരങ്ങളോ വിശദീകരണങ്ങളോ ആരാഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) കരിമണൽ ഖനന സാദ്ധ്യതകൾ സംബന്ധിച്ച് പഠനം നടത്തുന്നതിനും മറ്റുമായി സംസ്ഥാന ഗവൺമെന്റ് വിദഗ്ദ്ധ കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധമായി എടുത്തിട്ടുള്ള തീരുമാനങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി തേടിക്കൊണ്ട് മിനിസ്ട്രി ഓഫ് മൈൻസിനാണ് എഴുതിയിട്ടുള്ളത്.

(ബി) ഖനന അനുമതിക്ക് യോഗ്യമെന്ന് കണ്ട അപേക്ഷകളിൽ 1957-ലെ എം. എം. ഡി. ആർ. ആക്ടിനനുസൃതമായി കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുമതി ലഭിക്കുന്നതിനാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

(സി) 22-5-2003-ലാണ് കേന്ദ്ര സർക്കാരിന് എഴുതിയിട്ടുള്ളത്.

(ഡി) ഉണ്ട്. 9-6-2003-ൽ കേന്ദ്ര സർക്കാർ ചില വിശദീകരണങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്.

(ഇ) ഇതിന് മറുപടി 16-7-2003-ൽ കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്.

(എഫ്) ഇല്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ അറ്റോമിക് എനർജി വകുപ്പിന്റെ കീഴിലുള്ള അറ്റോമിക് മിനറൽ ഡിവിഷൻ, വിഴിഞ്ഞം മുതൽ അഴീക്കോട് വരെയുള്ള 542 കി. മീ. കടൽത്തീരത്ത് പഠനം നടത്തുകയും കൊല്ലം ജില്ലയിലെ നീണ്ടകര മുതൽ ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി വരെയുള്ള കടൽത്തീരത്ത് 144 ദശലക്ഷം ടൺ ധാതുമണൽ നിക്ഷേപമുള്ളതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

പ്രിസ്ക്രൈബ്ഡ് സബ്സ്റ്റൻസ്

29 [5585] ശ്രീ. പി. ടി. തോമസ്:
,, എം. എ. ചന്ദ്രശേഖരൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എ. പി. അനിൽകുമാർ:
,, പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1962-ലെ ആണവോർജ്ജ ചട്ടപ്രകാരമുള്ള പ്രിസ്ക്രൈബ്ഡ് സബ്സ്റ്റൻസ് എന്തെല്ലാമെന്ന് പറയുമോ;

LIBRARY ARCHIVES Kerala Legislative Assembly